● ലേഖനം

ശൈഖ് മുഹമ്മദ് കാരകുന്ന്

# സമുദായ സംസ്കരണവും മഹല്ല് സംവിധാനവും

**ഈ** റമദാനിൽ തിരൂരിൽ നടന്ന ഒരു ഇഫ്ത്വാർ സംഗമത്തിൽ സംബന്ധിച്ച എല്ലാ മുസ്‌ലിം സംഘടനാ നേതാക്കളും ഒരു കാര്യത്തിൽ യോജിച്ചു. ഇന്ന് സമുദായം നേരിടുന്ന ഏറ്റവും ഗുരുതരമായ വെല്ലുവിളി ധാർമികത്തകർച്ചയും സാംസ്കാരിക ജീർണതയുമാണ്. ഇതിനെ പ്രതിരോധിക്കുന്നതിൽ ഫലപ്രദമായ പങ്കുവഹിക്കാൻ സാധിക്കുക മഹല്ല് സംവിധാനങ്ങൾക്കാണ്. നിലവിലുള്ള കേരളീയ സാഹചര്യത്തിൽ കാര്യബോധമുള്ള ആരും ഇതിനോട് വിയോജിക്കുമെന്ന് തോന്നുന്നില്ല.

ഏതെങ്കിലും മഹല്ലുമായി ബന്ധപ്പെടാത്ത ആരും മുസ്‌ലിം സമുദായത്തിലുണ്ടാവുകയില്ല. നന്നെച്ചുരുങ്ങിയത് വിവാഹം, മരണാനന്തകർമങ്ങൾ പോലുള്ളവക്കെങ്കിലും എല്ലാവരും മഹല്ല് സംവിധാനങ്ങളെ ഉപയോഗപ്പെടുത്തുന്നു. മഹല്ല് ഭാരവാഹികളും പള്ളി ഇമാം-ഖത്വീബുമാരും സമർഥമായും സത്യസന്ധമായും ആസൂത്രിതമായും ശ്രമിച്ചാൽ വമ്പിച്ച സദ്ഫലങ്ങളുണ്ടാക്കാൻ കഴിയുന്ന ഒന്നാണ് മഹല്ല് സംവിധാനം. അത് ഭദ്രവും വ്യവസ്ഥാപിതവും ശരിയായ കാഴ്ചപ്പാടുള്ളതുമായ പ്രദേശങ്ങളിലെല്ലാം സമുദായം മത, സാമൂഹിക, സാമ്പത്തിക, സാംസ്കാരിക രംഗങ്ങളിൽ ഏറക്കുറെ മികവു പുലർത്തുന്നതായി കാണാം.

### സ്ഥിതിവിവരക്കണക്കുകൾ

ഓരോ മഹല്ല് കമ്മിറ്റിയും ബന്ധപ്പെട്ട മഹല്ലിലെ മുഴുവൻ അംഗങ്ങളുടെയും സ്ഥിതിവിവരക്കണക്കുകൾ തയാറാക്കുന്നത് വ്യവസ്ഥാപിതമായ പ്രവർത്തനങ്ങൾക്ക് അനിവാര്യമാണ്. മഹല്ലിൽ എത്ര കുടുംബങ്ങളുണ്ടെന്നും ഓരോ കുടുംബത്തിലും എത്ര അംഗങ്ങളുണ്ടെന്നും ഓരോ അംഗത്തിന്റെയും വിദ്യാഭ്യാസപരവും തൊഴിൽപരവും സാമ്പത്തികവും സാംസ്കാരികവും ആരോഗ്യപരവും ധാർമികവുമായ അവസ്ഥ എന്തെന്നു മനസ്സിലാക്കാൻ സാധിക്കുന്ന വ്യക്തമായ രേഖ മഹല്ല് കമ്മിറ്റിയുടെ വശമുണ്ടായിരിക്കണം. വിവാഹപ്രായമെത്തിയ അവിവാഹിതരായ സ്ത്രീ-പുരുഷന്മാരുടെ പട്ടിക ആവശ്യമായ വിവരങ്ങളോടെ തയാറാക്കി സൂക്ഷിക്കുന്നത് ഏറെ പ്രയോജനകരമായിരിക്കും. സാമ്പത്തികമായി മെച്ചപ്പെട്ടവരെ സംബന്ധിച്ചും ഏറെ പ്രയാസപ്പെടുന്നവരെക്കുറിച്ചും സൂക്ഷ്മമായ ധാരണ ഉത്തരവാദപ്പെട്ടവർക്ക് ഉണ്ടായിരിക്കണം.

### വ്യക്തിസംസ്കരണം

വ്യക്തികൾ വിശുദ്ധരാവാതെ കുടുംബം നന്നാവുകയില്ല. കുടുംബം സംസ്കൃതമാകാതെ സമൂഹം മാതൃകാപരമാവുകയില്ല. അതിനാൽ മഹല്ലുകൾ വ്യക്തി സംസ്കരണത്തിനും വളർച്ചക്കും മുഖ്യ ഊന്നൽ നൽകണം.

നിരീശ്വരത്വം, ഭൗതികത, അന്ധവിശ്വാസം, അനാചാരം, മദ്യപാനം, മയക്കുമരുന്നുകളുടെ ഉപയോഗം, വ്യഭിചാരം, അശ്ലീലത, നിർലജ്ജത, പലിശ, ചൂതാട്ടം, കൊള്ള, പിടിച്ചുപറി, കള്ളക്കച്ചവടം, കരിഞ്ചന്ത പോലുള്ള മിക്ക തിന്മകളും സമുദായാംഗങ്ങളെ പൊതുവിലും യുവജനങ്ങളെ വിശേഷിച്ചും ആഴത്തിൽ ബാധിച്ചിരിക്കുന്നു. വിവിധതരം മാഫിയാ സംഘങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്നവരും സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലുമുണ്ട്. ഓരോ വർഷവും കോടിക്കണക്കിനു രൂപ ചെലവഴിച്ച് കേരളത്തിൽ നടത്തപ്പെടുന്ന മതപ്രവർത്തനങ്ങൾക്കൊന്നും തന്നെ ഇത്തരം കുറ്റകൃത്യങ്ങളെ ഫലപ്രദമായി തടയാൻ സാധിക്കുന്നില്ല. മഹല്ലുകളുടെ തീവ്രവും ആസൂത്രിതവുമായ ശ്രമങ്ങളിലൂടെയാണ് എന്തെങ്കിലും മാറ്റങ്ങളുണ്ടാക്കാൻ സാധിക്കുക. ഖാദിമാരുടെയും ഇമാമുമാരുടെയും നേതൃത്വത്തിൽ കുറ്റകൃത്യങ്ങളിലേർപ്പെടുന്ന വ്യക്തികളെ നേരിൽ ബന്ധപ്പെട്ട് സംസ്കരിച്ചെടുക്കാനാണ് ശ്രമിക്കേണ്ടത്. ക്ഷമാപൂർവവും മനശ്ശാസ്ത്രപരവും ഗുണകാംക്ഷാ നിർഭരവുമായ സമീപനങ്ങളിലൂടെ മാത്രമേ ഇത് സാധ്യമാവുകയുള്ളൂ. ചികിത്സ ആവശ്യമാംവിധം ലഹരിക്ക് അടിപ്പെട്ടവരെ ഡി-അഡിക്ഷൻ ക്യാമ്പുകളുമായി ബന്ധപ്പെടുത്തി രക്ഷിച്ചെടുക്കാനും സാധിക്കണം. ഇത്തരം സംസ്കരണ പ്രവർത്തനങ്ങൾ വിജയം വരിക്കണമെങ്കിൽ മഹല്ല് ഭാരവാഹികൾ മാതൃകയും ഇമാം-ഖാദിമാർ കൽപിക്കാൻ കെൽപും യോഗ്യതയും ഉള്ളവരായിരിക്കണം.

### കുടുംബഭദ്രത

സമൂഹത്തിന്റെ അടിസ്ഥാന ഘടകം കുടുംബമാണ്. കുടുംബം രൂപപ്പെടുന്നത് വിവാഹത്തിലൂടെയും ദാമ്പത്യത്തിലൂടെയുമാണ്. അതിനാൽ വിവാഹം ഇസ്‌ലാമികമാവണം. വിവാഹത്തിൽ മഹല്ല് സംവിധാനത്തെ ഉപയോഗപ്പെടുത്താത്തവരുണ്ടാവില്ല. എന്നാൽ വിവാഹത്തിന് കാർമികത്വം വഹിക്കുന്നതിലും വിഹിതം വാങ്ങുന്നതിലും പരിമിതമാണ് ഇന്ന് മഹല്ലിന്റെ പങ്ക്. അതുകൊണ്ടുതന്നെ സ്ത്രീധനം, ആഭരണഭ്രമം പോലുള്ള അത്യാചാരങ്ങളും വിവാഹത്തിലെ ധൂർത്തും ദുർവ്യയവും പോലുള്ള സാമൂഹിക തിന്മകളും ഇല്ലാതാക്കുന്നതിൽ ഒരു പങ്കും വഹിക്കാൻ മഹല്ലുകൾക്കു സാധിക്കുന്നില്ല. വിവാഹത്തലേന്നാൾ രാത്രിയിലെ മദ്യോത്സവങ്ങളായി മാറുന്ന കൂത്താട്ടങ്ങൾക്കും വിവാഹത്തോടനുബന്ധിച്ച് നടക്കുന്ന വൃത്തികേടുകൾക്കും വിരാമമിടുന്നതിൽ ഒന്നും ചെയ്യാനാവുന്നില്ല. വിവാഹങ്ങൾക്ക് വ്യക്തമായ വ്യവസ്ഥ നിശ്ചയിക്കാനും അവ ലംഘിക്കപ്പെടുന്ന വിവാഹങ്ങളുമായി നിസ്സഹകരിക്കാനും മഹല്ല് സംവിധാനം ഉപയോഗപ്പെടുത്തപ്പെടുകയാണെങ്കിൽ അതുമായി ബന്ധപ്പെട്ട കൊടിയ കുറ്റങ്ങൾക്കെങ്കിലും അറുതിവരുത്താൻ ഒരു പരിധിയോളമെങ്കിലും സാധിച്ചേക്കും. തങ്ങളുടെ മഹല്ലിൽ നടക്കുന്ന വിവാഹങ്ങളിൽ സ്ത്രീധനമോ മറ്റു അനാചാരങ്ങളോ ഇല്ലെന്ന് ഉറപ്പു വരുത്താനും വിവാഹാഘോഷങ്ങൾ പരമാവധി ലളിതമാക്കാനും ഫലപ്രദമായ ഇടപെടലുകൾ ഉണ്ടാവണം. വിവാഹപ്രായം കവിഞ്ഞിട്ടും അവിവാഹിതരായിക്കഴിയുന്ന പെ

ൺകുട്ടികൾക്ക് അനുയോജ്യരായ ഇണകളെ കണ്ടെത്താനുള്ള ശ്രമവും ഉണ്ടാവേണ്ടതുണ്ട്.

വിവാഹമോചനവും മഹല്ല് ഭാരവാഹികളുടെയും ഖാദി-ഖത്വീബുമാരുടെയും സാന്നിധ്യത്തിലും അറിവോടെയുമായിരിക്കണം നടക്കേണ്ടത്. ദമ്പതികൾക്കിടയിൽ പ്രശ്നമുണ്ടായാൽ ഇടപെടാനും പരിഹരിക്കാനും പള്ളി ഭാരവാഹികൾ ശ്രദ്ധിക്കണം. എല്ലാ മഹല്ലുകളിലും കൗൺസലിംഗിൽ പരിശീലനം നേടിയ രണ്ടു മൂന്നു പേരെങ്കിലുമുണ്ടാവുന്നത് കുടുംബപ്രശ്നങ്ങൾ പരിഹരിക്കാൻ സഹായകമാവും. ദാമ്പത്യം തുടരാൻ ഒരു സാധ്യതയുമില്ലെന്ന് ഉറപ്പായ സാഹചര്യത്തിൽ മാത്രമേ വിവാഹമോചനം അനുവദിക്കാവൂ. അതും എല്ലാവിധ ഇസ്‌ലാമിക മര്യാദകളും പാലിച്ചുകൊണ്ടായിരിക്കണം. ഇസ്‌ലാമിക മര്യാദകൾ പാലിക്കാതെ വിവാഹമോചനം നടത്തുന്നവർ പിന്നീട് നടത്തുന്ന വിവാഹങ്ങൾക്ക് കാർമികത്വം വഹിക്കുന്നത് ചെയ്ത തെറ്റിന് പരിഹാരമുണ്ടാക്കിയെന്ന് ഉറപ്പുവരുത്തിയ ശേഷമാകാനും ശ്രദ്ധിക്കണം.

അനിവാര്യമായ സാഹചര്യത്തിലേ ബഹുഭാര്യാത്വത്തിന് മഹല്ല് ഭാരവാഹികൾ അനുവാദം നൽകാവൂ. ഇസ്‌ലാമികമായ ബാധ്യതകൾ പൂർണമായും പാലിക്കുമെന്ന് പ്രതീക്ഷിക്കാവുന്ന വ്യക്തികൾക്കല്ലാതെ രണ്ടാം വിവാഹത്തിന് ഖാദി-ഖത്വീബുമാർ കൂട്ടുനിൽക്കരുത്.

കുട്ടികളെ വളർത്തുന്ന കാര്യത്തിൽ മാതാപിതാക്കൾക്ക് ആവശ്യമായ ഉപദേശനിർദേശങ്ങളും ഫലപ്രദമായ പരിശീലനങ്ങളും നൽകാൻ മഹല്ലിന്റെ നേതൃത്വത്തിൽ സംവിധാനമേർപ്പെടുത്തുന്നത് ഇന്നത്തെ സാഹചര്യത്തിൽ വളരെ പ്രധാനമാണ്. പുതിയ തലമുറ വഴിപിഴക്കാനുള്ള മുഖ്യകാരണം മാതാപിതാക്കളുടെ ഭാഗത്തുനിന്നുണ്ടാവുന്ന വീഴ്ചകളാണ്. കുട്ടികളെ സംരക്ഷിക്കുന്നത് സംബന്ധിച്ച ബോധവൽക്കരണത്തിന് മഹല്ലിന്റെ ആഭിമുഖ്യത്തിൽ ഇടക്കിടെ ക്യാമ്പുകളും ക്ലാസ്സുകളും സംഘടിപ്പിക്കണം.

## വിദ്യാഭ്യാസരംഗം

സാമാന്യ വിദ്യാഭ്യാസമെങ്കിലും നേടാത്ത ആരും തങ്ങളുടെ പ്രദേശത്ത് ഇല്ലെന്ന് ഉറപ്പുവരുത്താൻ മഹല്ല് ഭാരവാഹികൾ ജാഗ്രത പുലർത്തണം. പ്രദേശത്തെ ബാലികാ-ബാലന്മാർ ഇടക്കുവെച്ച് പഠനം നിർത്തുന്നുണ്ടോയെന്ന് കൃത്യമായി അന്വേഷിക്കണം. സാമ്പത്തികമോ സാമൂഹികമോ കുടുംബപരമോ ആയ കാരണങ്ങളാൽ ആരുടെയും വിദ്യാഭ്യാസം മുടങ്ങാൻ ഇടവരരുത്.

വിജയശതമാനം ഉയർത്തുന്നതിലും പഠനനിലവാരം മെച്ചപ്പെടുത്തുന്നതിലും കൂടുതൽ പങ്കുവഹിക്കാൻ കഴിയുക മഹല്ലുകൾക്കാണ്. സ്കൂൾ വിദ്യാർഥികൾക്കായി ഓരോ മഹല്ലിലും ട്യൂഷൻ സെന്ററുകളുണ്ടാവുന്നത് പ്രയോജനപ്രദമായിരിക്കും. ദരിദ്രവിദ്യാർഥികൾക്ക് സൗജന്യമായും അല്ലാത്തവരിൽനിന്ന് ഫീസ് ഈടാക്കിയും ഇവ നടത്താവുന്നതാണ്. ഓരോ പ്രദേശത്തെയും അധ്യാപകരുടെയും മറ്റു അഭ്യസ്തവിദ്യരുടെയും സേവനം ഇതിനു ഉപയോഗപ്പെടുത്താം. ഇത്തരം ട്യൂഷൻ ക്ലാസ്സുകൾക്ക് പള്ളികളോ മദ്റസാ കെട്ടിടങ്ങളോ ഉപയോഗപ്പെടുത്തുന്നതാണ് ഉത്തമം. ഇത് സാമ്പത്തികലാഭമുണ്ടാക്കാൻ സഹായകമാകുന്നതോടൊപ്പം വിദ്യാർഥി-വിദ്യാർഥിനികളെ മതസ്ഥാപനങ്ങളുമായി ബന്ധമുള്ളവരാക്കാനും ഉപകരിക്കും.

ഭൗതിക വിദ്യാഭ്യാസത്തോടൊപ്പം മതവിദ്യാഭ്യാസവും നൽകാൻ വേണ്ട സംവിധാനം ഓരോ മഹല്ലിലുമുണ്ടായിരിക്കണം. ഇതിനായി പ്രൈമറി-സെക്കന്ററി മദ്റസകൾ സ്ഥാപിക്കുകയും സൺഡെ ഇസ്‌ലാമിക് സ്കൂളുകളും ഒഴിവുകാല പഠനസംവിധാനങ്ങളും ഉണ്ടാക്കുകയും വേണം.

മഹല്ല് നിവാസികൾക്ക് ഇസ്‌ലാമിക വിദ്യാഭ്യാസം നൽകാൻ ഏറ്റം പറ്റിയ മാർഗങ്ങളിലൊന്നാണ് ജുമുഅഃ ഖുത്വ്ബകൾ. വെള്ളിയാഴ്ച പ്രസംഗങ്ങൾ ചിന്തിച്ചും പഠിച്ചും നിർവഹിക്കുന്നതിലൂടെ സമൂഹത്തിന് ശിക്ഷണം നൽകാൻ ഖത്വീബുമാർക്കു കഴിയും.

തങ്ങളുടെ മഹല്ലിലെ നന്നായി പഠിക്കുന്ന കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുകയും ഉന്നതവിജയം നേടുന്നവരെ അനുമോദിക്കുകയും ചെയ്യണം. എല്ലാ മഹല്ലുകളിലും സ്ത്രീകൾക്കും പുരുഷന്മാർക്കും ഖുർആൻ പഠനത്തിന് വെവ്വേറെ സംവിധാനമുണ്ടാക്കുന്നത് സമൂഹത്തിന്റെ ഇസ്‌ലാമിക വൈജ്ഞാനിക വളർച്ചയിലും സംസ്കരണത്തിലും വമ്പിച്ച പങ്കുവഹിക്കാതിരിക്കില്ല. പള്ളികളോടനുബന്ധിച്ച് ഇസ്‌ലാമിക ഗ്രന്ഥാലയങ്ങൾ സ്ഥാപിക്കുന്നതും ജാതി-മതഭേദമന്യേ എല്ലാവർക്കും അതുപയോഗിക്കാൻ അവസരമൊരുക്കുന്നതും ഉപകാരപ്രദമായിരിക്കും.

## സാമൂഹിക സേവനസംരംഭങ്ങൾ

സകാത്, ഫിത്ർ സകാത്ത് പോലുള്ളവ ശേഖരിച്ച് സംഘടിതമായി വിതരണം നടത്താൻ എല്ലാ മഹല്ലുകളിലും സംവിധാനമുണ്ടാകണം. ഓരോ പ്രദേശത്തെയും അനാഥർ, അഗതികൾ, അവശർ, അശരണർ, നിത്യരോഗികൾ, വികലാംഗർ, വിധവകൾ പോലുള്ളവരുടെ സംരക്ഷണം പള്ളി മഹല്ലുകളുടെ ഉത്തരവാദിത്വമാണ്. സർക്കാർ സഹായ പദ്ധതികളും ഉദാരമതികളുടെ സാമ്പത്തിക സഹായവും അതിനായി ഉപയോഗപ്പെടുത്താം.

വീടുനിർമാണം, തൊഴിലവസരങ്ങളുണ്ടാക്കൽ, ആടുമാടുകളെ വാങ്ങിക്കൊടുക്കൽ, കാർഷിക-വ്യാപാര ആവശ്യങ്ങൾക്ക് സഹായം നൽകൽ, വിദ്യാഭ്യാസ ആവശ്യങ്ങൾ പൂർത്തീകരിച്ചു കൊടുക്കൽ പോലുള്ളവക്കെല്ലാം സകാത്ത് ഫണ്ട് ഉപയോഗിക്കാം. ഒരു വർഷം സകാത് സ്വീകരിച്ചവർ അടുത്ത വർഷം അതുവാങ്ങാൻ ഇടവരാത്ത അവസ്ഥ ഉണ്ടാക്കാനാണ് ശ്രമിക്കേണ്ടത്. മഹല്ലു നിവാസികളിൽ സകാത്ത് നൽകാൻ ബാധ്യസ്ഥരായ എല്ലാവരിൽനിന്നും അതു വാങ്ങാൻ പ്രത്യേക ശ്രദ്ധയും ജാഗ്രതയും പുലർത്തണം.

ഓരോ മഹല്ലിലും ഐഛികദാനം( സ്വദഖ) സ്വീകരിച്ച് സ്ഥിരസ്വഭാവമുള്ള സാമൂഹിക ക്ഷേമനിധികളുണ്ടാക്കുന്നത് നല്ലതാണ്. ഇങ്ങനെ സ്വരൂപിക്കുന്ന സംഖ്യ അനാഥർ, അഗതികൾ, നിത്യരോഗികൾ, വിധവകൾ, വികലാംഗർ പോലുള്ളവർക്ക് മാസംതോറും പെൻഷൻ നൽകാനായി നീക്കിവെക്കാം.

മഹല്ല് അടിസ്ഥാനത്തിൽ പലിശരഹിതനിധികൾ സ്ഥാപിച്ച് സമൂഹത്തെ പലിശയുടെ നീരാളിപ്പിടിത്തത്തിൽനിന്ന് രക്ഷിക്കാൻ ഖാദി-ഖത്വീബുമാരും ഉത്തരവാദപ്പെട്ടവരും ബാധ്യസ്ഥരാണ്. നിരന്തരം ബോധവൽക്കരണം നടത്തി സമൂഹത്തെ ധൂർത്തിൽനിന്നും ദുർവ്യയത്തിൽനിന്നും പൊങ്ങച്ച സംസ്കാരത്തിൽനിന്നും രക്ഷിച്ചെടുക്കാനും സാധിക്കേണ്ടതുണ്ട്. വീടുനിർമാണം, സൽക്കാരം പോലുള്ളവയിലെ ലാളിത്യത്തിന് മഹല്ല് ഭാരവാഹികൾ ഉത്തമ മാതൃകയാവണം. എങ്കിലേ അവർക്ക് മറ്റുള്ളവരുടെ കാര്യത്തിൽ ഇടപെടാൻ കഴിയുകയുള്ളൂ.

ടെലിവിഷൻ, ഇന്റർനെറ്റ്, മൊബൈൽ ഫോൺ പോലുള്ളവയിലെ ചതിക്കുഴികളെ സംബന്ധിച്ച് വിദ്യാർഥി-യുവജനങ്ങളെ ബോധവൽക്കരിക്കാനും ഇക്കാര്യങ്ങളിലൊക്കെ ജാഗ്രതപുലർത്തണമെന്ന് മാതാപിതാക്കളെ ഓർമപ്പെടുത്താനും മഹല്ല് സംവിധാനം സഹായകമാവേണ്ടതുണ്ട്. വിദ്യാലയങ്ങളിലെ കലോത്സവങ്ങൾ, പഠന-വിനോദയാത്രകൾ തുടങ്ങിയവയുടെ ദുരുപയോഗത്തെ സംബന്ധിച്ചും തെറ്റായ സൗഹൃദങ്ങൾ പെൺകുട്ടികളെ വഴിതെറ്റിക്കുന്നതിനെപ്പറ്റിയും രക്ഷിതാക്കളെ ബോധവൽക്കരിക്കണം.

ഇവ്വിധം നമ്മുടെ മഹല്ല് സംവിധാനങ്ങൾ വ്യവസ്ഥാപിതവും കർമനിരതവുമാവുകയാണെങ്കിൽ സമുദായസംസ്കരണത്തിലും പുരോഗതിയിലും മഹത്തായ പങ്കുവഹിക്കാൻ അവക്കു സാധിക്കും. ഈ രംഗത്ത് ഇനിയും അലംഭാവമുണ്ടായാൽ ആസന്നഭാവിയിൽതന്നെ സാംസ്കാരിക ജീർണതയിലും ധാർമികത്തകർച്ചയിലും സമുദായം ചെന്നുപെടുമെന്ന് തീർച്ച. ●